വകുപ്പുകളിൽ വിവിധ തസ്തികകളിലായി 183 അപേക്ഷകർക്കും ഒഴിവ് നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ ആശ്രിതനിയമനം കാത്തുനിൽക്കുന്നവരെ നിയമിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് 3-10-2015-ലെ സ.ഉ. (എം.എസ്) 251/15/പൊ.ഭ.വ. പ്രകാരം 327 സൂപ്പർന്യൂമററി തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്. ഇതോടുകൂടി 30-9-2015 വരെ ലഭിച്ചിട്ടുള്ള അപേക്ഷകർക്ക് നിയമനം നൽകുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) വിവിധ വകുപ്പിൽ വിവിധ തസ്തികയിലേക്ക് ആശ്രിതനിയമനം ലഭ്യമാക്കുന്നതിന് പ്രൊഫോർമ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള 244 അപേക്ഷകൾ നിലവിലുണ്ട്. ആശ്രിതനിയമനത്തിന് അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടിവന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ വേഗത്തിലാക്കുന്നതിനുമാണ് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് വിവിധ വകുപ്പുകൾക്ക് നൽകിവരുന്നത്.

'പുതിയതായി ആരംഭിച്ച താലൂക്കുകളിൽ സർക്കാർ ഓഫീസുകൾ ആരംഭിക്കൽ'

4 (3504) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി ആരംഭിച്ച താലൂക്കുകളിൽ താലൂക്ക് ആശുപത്രി, താലൂക്ക് സപ്ലൈ ഓഫീസ്, ആർ.ടി. ഓഫീസ് തുടങ്ങിയ സർക്കാർ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിലുണ്ടോ;

(ബി) എങ്കിൽ പത്തനാപുരം താലൂക്കിൽ പ്രസ്തുത ഓഫീസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

പി.എസ്.സി. സ്റ്റാഫ് നഴ്സ് നിയമനം

5 (3505) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ അഡ്വൈസ് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly